I. ഇ.ബി. XII-കേരള നിയമസഭ/XIV-19

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

**ചരമോപചാരം**

കോട്ടയം താഴത്തങ്ങാടിയിലെ ബസ്സ് അപകടം

മി. സ്പീക്കർ: ഇന്നലെ ചേർത്തലയിൽ നിന്ന് കോട്ടയത്തേയ്ക്ക് പോയ സ്വകാര്യ ബസ്സ് താഴത്തങ്ങാടിയിൽ വച്ച് മീനച്ചിലാറ്റിലേയ്ക്ക് മറിഞ്ഞ് ബസ്സിലുണ്ടായിരുന്ന പത്തുപേരും രക്ഷാപ്രവർത്തനത്തിലേർപ്പെട്ടിരുന്ന ഒരാളും മരണമടയുകയുണ്ടായി. പതിനേഴോളം ആളുകൾ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഈ ദുരന്തത്തിൽ അന്തരിച്ച ആളുകളുടെ സന്തപ്ത കുടുംബാംഗങ്ങളോടും ബന്ധുക്കളോടും സഭ ദു:ഖം രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുന്നു. ഏറ്റവും ദു:ഖകരമായ സംഭവമാണ് ഉണ്ടായിട്ടുള്ളത്. വാഹനത്തിന്റെ സാങ്കേതികപ്രശ്നം മൂല

മാണ് അപകടം സംഭവിച്ചത് എന്നതാണ് ഡ്രൈവറുടെ വെളിപ്പെടുത്തൽ. അത്യന്തം ദാരുണമായ ഈ സംഭവത്തിൽ ദു:ഖം രേഖപ്പെടുത്തുന്നതിനു വേണ്ടി സഭ ഇന്നത്തേയ്ക്ക് നിറുത്തിവയ്ക്കുന്നത് ഉചിതമായിരിക്കും. ദുരന്ത ത്തിൽ മരിച്ചവരുടെ കുടുംബങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : നാടിനെ ആകെ വേദനിപ്പിച്ച ഒരു ദുരന്തമാണ് ഇന്നലെ കോട്ടയത്ത് താഴത്തങ്ങാടിയിൽ ഉണ്ടായത്. സംഭവ സ്ഥലത്തും കോട്ടയം മെഡിക്കൽകോളേജിലും വളരെ ഹൃദയ ഭേദകമായ കാഴ്ചകളാണ് കാണാൻ കഴിഞ്ഞത്. വെള്ളത്തിൽ വീണവരെ അഞ്ചുമിനിറ്റി നകം കരയ്ക്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ജീവൻ രക്ഷിക്കാൻ ബുദ്ധിമു ട്ടാണ്. ബസ് അപകടത്തിൽപ്പെട്ട സമയത്ത് നാട്ടുകാർ കാട്ടിയ ധീരതയാണ് ദുരന്തത്തിന്റെ ആഴം കുറച്ചതെങ്കിലും രക്ഷാ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തവരിലൊരാളും മരണപ്പെടുകയുണ്ടായി. ഈ ദുരന്തത്തിൽ അനുശോചിക്കുന്നതോടൊപ്പം ഒന്നുരണ്ടുകാര്യങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഈ പ്രദേശത്തുതന്നെ ഇതിനുമുൻപ് പല അപക ടങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ അതൊക്കെ ഒന്നോ രണ്ടോ ആളുകളുടെ മരണത്തിനിടയാക്കിയതുകൊണ്ടുമാത്രം ഇത്രയും ശ്രദ്ധ പിടിച്ചുപറ്റിയിരു ന്നില്ല. മലമ്പ്രദേശങ്ങളിൽ റോഡുകളിൽ സൈഡ് പ്രൊട്ടക്ഷനുള്ളതുപോലെ ജലാശയങ്ങളും റോഡും തമ്മിൽ വലിയ ദൂരമില്ലാത്ത സ്ഥലങ്ങളിലും സൈഡ് പ്രൊട്ടക്ഷൻ ഉണ്ടാക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം. വളരെ പരിമിതികളുണ്ടെങ്കിലും രക്ഷാ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കിയേ മതിയാകൂ. ദുരന്തം നടന്ന സമയം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട നാട്ടുകാരും പോലീസ്, ഫയർഫോഴ്സ്, മെഡിക്കൽ കോളേജ് തുടങ്ങിയ എല്ലാ ഡിപ്പാർട്ടു

മെന്റുകളും ഒരുപോലെ പ്രവർത്തിച്ചു. ഒരു ഫയർഫോഴ്സ് ഉദ്യോഗസ്ഥന് പരിക്കുപറ്റി ആശുപത്രിയിലായി. മരിച്ചവരുടെ കുടുംബങ്ങൾക്കും രക്ഷാപ്രവർത്തനത്തിനിടയിൽ മരിച്ച ആളുടെ കുടുംബത്തിനും പരിക്കുപറ്റിയവർക്കും അടിയന്തിര സഹായം നൽകുന്നതിന് ഗവൺമെന്റ് തീരുമാനം എടുക്കണം. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാഗങ്ങളൊടൊപ്പം ദു:ഖത്തിൽ പങ്കുചേർന്ന് അനുശോചനം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട സ്പീക്കറും സഭാ നേതാവും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. കേരളത്തിൽ അടിക്കടി നിയന്ത്രാണാതീതമായ കാരണങ്ങളാൽ സംഭവിക്കുന്ന അപകടങ്ങളിൽ പലപ്പോഴും രക്ഷാപ്രവർത്തനങ്ങൾ പാളിപ്പോകുമ്പോൾ ജനങ്ങളുടെ പങ്കാളിത്തമാണ് ആശ്വാസം നൽകുന്നത്. ഈ അനുഭവങ്ങളെല്ലാം നമ്മെ പഠിപ്പിക്കുന്നത് രക്ഷാപ്രവർത്തനത്തിനാവശ്യമായ ശക്തമായ സംവിധാനങ്ങളും ആധുനിക സജ്ജീകരണങ്ങളും വേണമെന്നുള്ളതാണ്. കോട്ടയത്ത് നടന്ന സംഭവം കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ചിരിക്കുന്നു. മരിച്ചവരുടെ കുടുബാംഗങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റിയും പരുക്കേറ്റവർക്ക് സഹായം എത്തിക്കുന്നതിനെപ്പറ്റിയും ഗവൺമെന്റ് പരിഗണിക്കേണ്ടതുണ്ട്. സന്തപ്ത കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നു.

ശ്രീ. പി.സി. ജോർജ്: കേരളത്തിൽ പത്തുപതിനഞ്ചുകൊല്ലങ്ങളായി ഇത്തരത്തിൽ അടിക്കടി ദുരന്ത സംഭവങ്ങളുണ്ടാകുന്നുണ്ട്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ദു:ഖം രേഖപ്പെടുത്തുന്നതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാവുന്ന നടപടികളെപ്പറ്റിയും

ആലോചിക്കുകയും ജനങ്ങളുടെ മനസ്സിൽ സുരക്ഷിതത്വബോധം ഉറപ്പാക്കുകയും ചെയ്യണം. എത്രപേർ മരിച്ചുവെന്ന് ഇപ്പോഴും വ്യക്തമല്ല. വേദനിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കണം. മരിച്ചവരുടെ ആത്മാക്കൾക്ക് നിത്യശാന്തിനേർന്നുകൊണ്ട് കുടുബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കൻമാരും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. സന്തപ്ത കുടുംബങ്ങളുടെ ദു:ഖത്തിൽ പങ്ക് ചേരുന്നു.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : കോട്ടയത്തുണ്ടായ ബസ്സ അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങളാട് അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായം നൽകണം. ഇത്തരം സന്ദർഭങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ആവശ്യമായ സാങ്കേതികവും ശാസ്ത്രീയവുമായ സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് കൂട്ടായി ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. റ്റി.യു. കുരുവിള: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുകയാണ്. സ്കൂൾ വിദ്യാർത്ഥികൾക്കെങ്കിലും നീന്തൽപരിശീലനം നൽകാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കണം. ഇന്നലെ ഉണ്ടായ സംഭവത്തിൽ ദു:ഖം

രേഖപ്പെടുത്തുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളുടെ ദു:ഖത്തിലും പങ്കുചേരുന്നു.

ശ്രീ. എം. കെ. പ്രേംനാഥ്: അത്യന്തം നിർഭാഗ്യകരമായ സംഭവമാണ് കോട്ടയത്ത് ഉണ്ടായത്. മരിച്ച പ്രിയപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിക്കുകയാണ്. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ മുഴുവൻ ആളുകൾക്കും നന്ദി രേഖപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): കഴിഞ്ഞ ദിവസമുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞവരുടെ സ്മരണയ്ക്കു മുന്നിൽ ഈ അവസരത്തിൽ ആദരാഞ്ജലി അർപ്പിക്കുന്നു. വാഹന അപകടങ്ങളിൽ മരിക്കുന്നവരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്ന വസ്തുത മനസ്സിലാക്കി അതിനുള്ള പരിഹാരങ്ങളെക്കുറിച്ച് നചിന്തിക്കണം. രക്ഷാപ്രവർത്തനത്തിന് എത്തുന്നവരും മരണപ്പെടുന്നു എന്നുള്ളത് ഒരു പുതിയ പ്രതിഭാസമാണ്. ഇത്തരം സംഭവങ്ങളിൽ അവരുടെ കുടുംബങ്ങളെ സഹായിക്കാനും സംരക്ഷിക്കാനുമൊക്കെയുള്ള ബാധ്യത ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാണ്. ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണം.

ശ്രീ. പി. എം. എ. സലാം: ഓരോ അപകടത്തിനും നിയോഗിക്കുന്ന അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻകരുതലുകൾ എടുക്കാറുണ്ടെങ്കിലും വീണ്ടും അപകടങ്ങളുണ്ടാകുന്നും എന്നുള്ളതാണ് യാഥാർത്ഥ്യം. അപകടങ്ങളുണ്ടാകുമ്പോൾ യഥാസമയം സഹായങ്ങളും സുരക്ഷാപ്രവർത്തനങ്ങളും എത്തിക്കുന്നതിലെ കാലതാമസം ഒഴിവാക്കണം. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശ്രമങ്ങൾ തുട

രുന്നതോടൊപ്പം അപകടങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ അതിൽ നിന്ന് രക്ഷപ്പെടുത്താനും യഥാസമയം സുരക്ഷാ സന്നാഹങ്ങൾ എത്തിക്കാനുമുള്ള സംവിധാനത്തെക്കുറിച്ച് കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കണം. സന്തപ്ത കുടുംബങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നു.

ശ്രീ. കെ. കെ. ഷാജു: കോട്ടയത്തെ താഴത്തങ്ങാടിയിൽ ഇന്നലെയുണ്ടായ അതിദാരുണമായ സംഭവത്തെ സംബന്ധിച്ച് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുകയാണ്. വെള്ളത്തോട് അടുത്തുകിടക്കുന്ന റോഡുകളിൽ മതിയായ പ്രൊട്ടക്ഷൻ ഏർപ്പെടുത്താനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. മരിച്ചവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നു; അനുശോചനം രേഖപ്പെടുത്തുന്നു.

(കോട്ടയം താഴത്തങ്ങാടിയിലെ ബസ്സപകടത്തിൽ മരിച്ചവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് അല്പസമയം മൗനമാചരിച്ചു.)

(സഭ രാവിലെ 8.55-ന് പിരിഞ്ഞു)